**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2764.** **12.02.2019 ൽ മറുപടിയ്ക്ക്**

**ലഹരി വിമോചന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരി വിമോചന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് കൊണ്ട് ഡീ അഡിക്ഷൻ സെന്ററുകൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിൽ വ്യാജ മദ്യത്തിന്റെ ഉപയോഗം കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കുറവ് ആളുകൾ മറ്റു ലഹരികളുടെ ഉപയോഗം ആരംഭിക്കുന്നതുകൊണ്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണം, രാത്രികാല പട്രോളിംഗ്, വാഹന പരിശോധനകൾ, ബോർഡർ പട്രോളിംഗ്, തുടങ്ങിയവയിലൂടെ എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. എല്ലാ ലൈസൻസ്ഡ് സ്ഥാപനങ്ങളിലും കൃത്യമായി പരിശോധന നടത്തി സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കയച്ച് അംഗീകൃത മദ്യം മാത്രമേ വില്പന നടത്തുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. കള്ളവാറ്റ്, സ്പിരിറ്റ്, സെക്കന്റ്സ് തുടങ്ങിയ വ്യാജമദ്യങ്ങൾ ഇല്ലായ്മ ചെയ്യുവാൻ ഫലപ്രദമായി സാധിച്ചിട്ടുണ്ട്. വ്യാജമദ്യത്തിന്റെ ഉല്പാദനം/ വിതരണം/ഉപയോഗം എന്നിവ ശ്രദ്ധയിൽപ്പെടുന്ന ഘട്ടത്തിൽ അതിനെതിരെ അതിശക്തമായ നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വ്യാജ മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ഉപയോഗം തടയുന്നതിനുള്ള കർശനമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**